(ബി) ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവ്

49(747) ശ്രീമതി കെ. കെ. രമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ ചികിത്സാ ചെലവായി ഭാരിച്ച തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവരിൽനിന്ന് ഈടാക്കുന്ന നിരക്കുകൾ നിശ്ചയിച്ച് നൽകാൻ സർക്കാരിന് നിയമപരമായി അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ നിരക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) സ്വകാര്യ മേഖലയിലെ ഫീസ് ഏകീകരണത്തിനും മറ്റ് മാനദണ്ഡങ്ങളുടെ നിർവ്വഹണത്തിനും അതിലൂടെ അമിത ചികിത്സാ ചെലവ് കുറയ്ക്കുന്നതിനും കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്. സ്വകാര്യ ലാബുകൾ, ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, സ്കാനിംഗ് സെന്ററുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം തുടങ്ങിയവയാണ് ഈ ബില്ലിന്റെ പ്രധാന ലക്ഷ്യം.

ചടയമംഗലം നിയോജക മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

50(748) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചടയമംഗലം നിയോജക മണ്ഡലത്തിൽ 2011 മേയ് മാസം മുതൽ 2015 ഡിസംബർ വരെ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കിയ വികസന പദ്ധതികൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly